**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ദി ഗ്രേറ്റ് ഇന്ത്യൻ മൂവിസിന്റെ ബാനറിൽ ശ്രീ. രതീഷ് മംഗലത്ത് സംവിധാനം ചെയ്യുന്ന "വിത്ത് ലൗ ആന്റണി" എന്ന സിനിമയുടെ ചിത്രീകരണത്തിനായി വടവാതൂർ ഇ.എസ്.ഐ ആശുപത്രി പരിസരം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**884/2026/LBR**　തീയതി,തിരുവനന്തപുരം, **14-08-2026**

---

പരാമർശം:- 1) ശ്രീ. പ്രമോദ് ദേവനന്ദ, പ്രോഡക്ഷൻ കൺട്രോളർ സമർപ്പിച്ച **14.08.2026** തീയതിയിലെ അപേക്ഷ.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ **14.08.2026** ലെ ബി**4-2992/2026**/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ വച്ച് ദി ഗ്രേറ്റ് ഇന്ത്യൻ മൂവിസിന്റെ ബാനറിൽ ശ്രീ. രതീഷ് മംഗലത്ത് സംവിധാനം ചെയ്യുന്ന "വിത്ത് ലൗ ആന്റണി" എന്ന സിനിമയുടെ ചിത്രീകരണത്തിന് **14.08.2026, 15.08.2026, 16.08.2026** എന്നീ തീയതികളിൽ ആശുപത്രിയുടെ മുൻവശവും, പുറകു വശവും, പരിസര പ്രദേശങ്ങളും അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം **(1)** പ്രകാരം ശ്രീ. പ്രമോദ് ദേവനന്ദ, പ്രോഡക്ഷൻ കൺട്രോളർ അപേക്ഷ സമർപ്പിച്ചിരുന്നു. ടി ചിത്രത്തിന്റെ ചിത്രീകരണത്തിനായി വടവാതൂർ ഇ.എസ്.ഐ ആശുപത്രി അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം **(2)** പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

**2)** സർക്കാർ ഇക്കാര്യം പരിശോധിച്ചു. ദി ഗ്രേറ്റ് ഇന്ത്യൻ മൂവിസിന്റെ ബാനറിൽ ശ്രീ. രതീഷ് മംഗലത്ത് സംവിധാനം ചെയ്യുന്ന "വിത്ത് ലൗ ആന്റണി" എന്ന സിനിമയുടെ ചിത്രീകരണത്തിനായി **14.08.2026, 15.08.2026, 16.08.2026** എന്നീ തീയതികളിലായി വടവാതൂർ ഇ.എസ്.ഐ ആശുപത്രി ഒരു ദിവസത്തേക്ക് **10,000/-** രൂപ നിരക്കിൽ വാടകയും **10,000/-** രൂപ അഡ്വാൻസും ഈടാക്കി ചുവടെ പറയുന്ന നിബന്ധനകളോടെ ഷൂട്ടിംഗിന് അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(i)** ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടുവാനോ രോഗികൾക്കോ ജീവനക്കാർക്കോ ബുദ്ധിമുട്ട് ഉണ്ടാകുവാനോ പാടുള്ളതല്ല.

**(ii)** ആശുപത്രി കെട്ടിടത്തിനോ പരിസരത്തോ ഉപകരണങ്ങൾക്കോ

യാതൊരുവിധത്തിലുമുള്ള കേടുപാടും വരുത്താൻ പാടില്ല. ആശുപത്രി കെട്ടിടത്തിനോ അതിന്റെ പരിസരത്തിനോ ഉപകരണങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കുന്നതാണ്.

**(iii)** ചിത്രീകരണത്തിന്റെ സമയക്രമം ആശുപത്രി സൂപ്രണ്ടിനെ മുൻകൂട്ടി അറിയിക്കുകയും സമയക്രമം കർശനമായി പാലിക്കുകയും ചെയ്യേണ്ടതാണ്.

**(iv)** ഏതൊരു സാഹചര്യത്തിലും ആശുപത്രി സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**DEEPA P R**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. പ്രമോദ് ദേവനന്ദ, പ്രോഡക്ഷൻ കൺട്രോളർ, ദി ഗ്രേറ്റ് ഇന്ത്യൻ മൂവിസ്, വിജയ് നിവാസ് പരിമണം, നീണ്ടകര.പി.ഒ, കൊല്ലം - **691 582.**
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, വടവാതൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Salini S
Date: 14-08-2026
17:05:40

സെക്ഷൻ ഓഫീസർ